**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.★683 11.07.2014 - ൽ മറുപടിക്ക്**

**മേൽപ്പാലങ്ങളും അടിപ്പാലങ്ങളും**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.മോയിൻകുട്ടി<br>,, വി.എം.ഉമ്മർ മാസ്റ്റർ<br>,, പി.കെ.ബഷീർ<br>,, റ്റി.എ.അഹമ്മദ് കബീർ | | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) ബസ്സ്റ്റേഷൻ, റെയിൽവേ സ്റ്റേഷൻ, പാർക്കിംഗ് സ്ഥലങ്ങൾ എന്നിവിടങ്ങളിലേയ്ക്കുള്ള തിരക്കേറിയ റോഡുകളിൽ കാൽനടക്കാർക്കു വേണ്ടി മേൽപ്പാലങ്ങളും അടിപ്പാലങ്ങളും നിർമ്മിക്കാനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ;<br>(ബി) ഇതിനായുള്ള പദ്ധതിയുടെ രൂപരേഖകൾ തയ്യാറാക്കിയിട്ടു ണ്ടോ ;<br>(സി) എത്ര നടപ്പാലങ്ങളാണ് പ്രസ്തുത പദ്ധതിയിൽപ്പെടുത്തി നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ)<br>&<br>(ബി)<br>&<br>(സി) | ബസ് സ്റ്റേഷൻ, റെയിൽവേ സ്റ്റേഷൻ, പാർക്കിംഗ് സ്ഥലങ്ങൾ എന്നിവിടങ്ങളിലേയ്ക്കുള്ള തിരക്കേറിയ റോഡുകളിൽ റോഡു മുറിച്ചു കടക്കുന്നതിന് കാൽനടയാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനു വേണ്ടി മേൽപ്പാലങ്ങളും അടിപ്പാതകളും നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി 2013-14 ലെ ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. അതിന്റെ ആദ്യഘട്ടം എന്നുള്ള നിലയിൽ തിരുവനന്തപുരത്ത് തമ്പാനൂരിൽ റെയിൽവേ സ്റ്റേഷനേയും ബസ് സ്റ്റേഷനേയും തമ്മിൽ ബന്ധിപ്പിച്ച് മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള ഒരു രൂപരേഖ തയ്യാറാക്കുകയുണ്ടായി. എന്നാൽ നിർദ്ദിഷ്ട മോണോറെയിൽ പദ്ധതിയുടെ അലൈൻമെന്റ് സംബന്ധിച്ച് അന്തിമ തീരുമാനം ആകാത്തതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. നാല്/ ആറുവരിപ്പാത വികസനം പൂർത്തി യാക്കിയ ദേശീയപാത 47 ലെ ഇടപ്പള്ളി മണ്ണുത്തി മേഖലയിൽ സ്പോൺസർഷിപ്പ് വ്യവസ്ഥയിൽ സ്കൈവാക്കുകൾ നിർമ്മിക്കുന്നതിന് ദേശീയപാതാ വികസന അതോറിറ്റിയെ ചുമതലപ്പെടുത്തി ഉത്തര |

വായിട്ടുണ്ട്. കെ.എസ്.ടി.പി രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എം.സി. റോഡിന്റെ ചെങ്ങന്നൂർ - മൂവാറ്റുപുഴ ഭാഗത്ത് തിരക്കേറിയ ഒമ്പത് സ്ഥലങ്ങളിൽ കാൽനടയാത്രക്കാർക്കായി മേൽപ്പാലം നിർമ്മിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. ഓരോ റോഡു വികസന പദ്ധതിയുടേയും വിശദമായ പദ്ധതി രേഖ തയ്യാറാക്കുമ്പോൾ കാൽനടക്കാർക്കുള്ള സുരക്ഷാ ക്രമീകരണങ്ങളും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ